ആവശ്യകതയും പ്രാധാന്യവും പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി 2015-16 സാമ്പത്തിക വർഷത്തിൽ ജലസൗഹൃദ വിദ്യാലയം പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ 840 സർക്കാർ വിദ്യാലയങ്ങളിൽ 1000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ സ്ഥാപിക്കുകയുണ്ടായി. ഭൂജലപരിപോഷണം പരിപാടിയുടെ ഭാഗമായി 10 ഗ്രാമപഞ്ചായത്തുകളിലെ 5000 തുറന്ന കിണറുകളിൽ മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്യുന്നതിനുള്ള ജോലികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ജലസംരക്ഷണം, ജലമലിനീകരണം തടയുക, ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗുണഭോക്താക്കൾ എന്നിവരുടെ സഹകരണത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കുന്ന വിധത്തിലാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

ജലനിധി പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകളിൽ നിലവിൽ ജലലഭ്യതയുള്ള കുളങ്ങൾ, തോടുകൾ എന്നിവ ഏറ്റെടുത്ത് പുനർജ്ജീവിപ്പിച്ച് വൃത്തിയാക്കി ജലനിധി കുടിവെള്ള പദ്ധതികൾക്ക് സ്രോതസ്സുകളായി ഉപയോഗിക്കുന്നുണ്ട്. ഈ സ്രോതസ്സുകൾ ഗുണഭോക്തൃ സമിതികളുടെ ഉടമസ്ഥതയിൽ ആയതിനാൽ എല്ലാകാലത്തും ഇത് ജലലഭ്യത ഉള്ളതായിരിക്കാനുള്ള തുടർപ്രവർത്തനങ്ങൾ ഗുണഭോക്തൃ സമിതികൾ തന്നെ നേരിട്ട് നടത്തുന്നതാണ്.

**പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം**

145(754) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ജലസ്രോതസ്സുകളിലെ മാലിന്യനിക്ഷേപംമൂലം ജലം മലിനീകരിക്കപ്പെടുന്നത് തടയുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ പരമ്പരാഗത ജലസ്രോതസ്സുകളിൽ പ്രധാനപ്പെട്ടത് കുളങ്ങൾ/ചിറകൾ എന്നിവയാണ്. ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണത്തിന്റെ (ജലസമൃദ്ധി) ഭാഗമായി കുളങ്ങളുടെ സംരക്ഷണം ഏറ്റെടുക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി നിർവ്വഹിക്കുന്ന പ്രവൃത്തികൾ വിവിധ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുകളുടെ ഏകോപനത്തോടും ജനപങ്കാളിത്തത്തോടുംകൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശാനുസരണമാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിനുപുറമെ കേരളത്തിന്റെ വർദ്ധിച്ചുവരുന്ന ജല ഉപയോഗം നേരിടുക എന്ന ലക്ഷ്യത്തോടെ സമഗ്ര നീർത്തട പദ്ധതികൾ തയ്യാറാക്കി, റിഡ്ജ്-ടു-വാലി (മുകളിൽ നിന്ന് താഴേക്ക്) അടിസ്ഥാനത്തിൽ പരമ്പരാഗത ജലസ്രോതസ്സുകൾ ഉൾപ്പെടെയുള്ള ജലസമ്പത്ത് സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു. നീർത്തട പദ്ധതികൾ രൂപപ്പെടുത്തുന്നതിനുള്ള സാങ്കേതിക സമിതികൾ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ രൂപീകരിച്ചുകഴിഞ്ഞു.

(ബി) മാലിന്യ നിക്ഷേപം കർശനമായി തടയുന്നത് ലക്ഷ്യമിട്ട് കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003 ഭേദഗതി ചെയ്ത് ഓർഡിനൻസായി സംസ്ഥാന ഗവർണർ അംഗീകരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം മാലിന്യം നിക്ഷേപിക്കുന്നവർക്ക് രണ്ട് ലക്ഷം രൂപ വരെ പിഴയോ, മൂന്ന് വർഷം വരെ തടവോ രണ്ടുംകൂടി ഒന്നിച്ചോ ശിക്ഷ നൽകുന്നതാണ്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പോലീസ് അധികാരികളും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്.

**ജലസംരക്ഷണം**

146(755) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജലനിരപ്പ് വൻതോതിൽ കുറയുന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം മൂന്നാം സ്ഥാനത്താണെന്ന കേന്ദ്ര സർവ്വേ റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂഗർഭജലനിരപ്പിൽ ദേശീയ ശരാശരിയേക്കാളും പിന്നിലാണ് കേരളമെന്ന കേന്ദ്ര ഭൂജലബോർഡിന്റെ കണ്ടെത്തൽ സർക്കാർ പരിശോധിക്കുകയുണ്ടായോ;

(സി) പ്രസ്തുത സാഹചര്യത്തിൽ ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) ഭൂഗർഭ ജലം സംരക്ഷിച്ചു നിർത്തുന്ന കുന്നുകൾ നശിക്കുന്നതും നീർത്തടങ്ങൾ ഇല്ലാതാകുന്നതും ജലസംരക്ഷണത്തെ പ്രതികൂലമായി ബാധിക്കുമോ;

(ഇ) എങ്കിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തൊക്കെ പുതിയ നടപടികൾ കൈക്കൊള്ളും; വിശദമാക്കാമോ?